"ഭരണഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരള
വെബ് സൈറ്റ്: www.kseb.in CIN - U40100KL2011SGC027424

ടെലിഫോൺ നമ്പർ : 0471 2514527, 2514455
ഫാക്സ്:0471 2514472
ഇമെയിൽ: pokseb@gmail.com

ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം-695004

നം. പി.എസ്.1 (ബി)/2017 തീയതി: 18.09.2019

# പരിപത്രം

വിഷയം : മഴക്കെടുതിയും ഉരുൾപൊട്ടൽ ദുരന്തവും മൂലം ജീവഹാനിയും വൻ നാശനഷ്ടങ്ങളും സംഭവിച്ചവർക്ക് സാമ്പത്തിക സഹായം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേന കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും സംഭാവന നൽകുന്നത് - സംബന്ധിച്ച്.

സൂചന : ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 19.08.2019 – ന് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ മിനുട്സ്.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.08.2019 – ന് വൈദ്യുതി ഭവനിലെ കോൺഫറൻസ് ഹാളിൽവെച്ച് നടന്ന സർവ്വകക്ഷിയോഗത്തിൽ മഴക്കെടുതിയും ഉരുൾപൊട്ടൽ ദുരന്തവും മൂലം ജീവഹാനിയും വൻനാശനഷ്ടങ്ങളും സംഭവിച്ചവർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും ഒരു ദിവസത്തെ ശമ്പളം നൽകാമെന്ന് എല്ലാ തൊഴിലാളി സംഘടനകളും ഓഫീസർ അസ്സോസിയേഷനുകളും ഏകകണ്ഠമായി തീരുമാനമെടുത്തിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സാമ്പത്തിക സഹായം സ്വരൂപിക്കുന്നതിലേക്കായി താഴെ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1) കെ.എസ്.ഇ.ബി. ജീവനക്കാർക്ക് ഒരു ദിവസത്തെ ശമ്പളത്തിന് തുല്യമായ തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ആയി നൽകാവുന്നതാണ്. ഒരു ദിവസത്തെ ശമ്പളം നൽകുവാൻ ആകാത്ത ജീവനക്കാർ അക്കാര്യം 2019 സെപ്റ്റംബർ 23 നു മുമ്പായി ശമ്പളം വിതരണം ചെയ്യുന്ന ഓഫീസിൽ അറിയിക്കേണ്ടതാണ്.

2) 2019 സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം ആയതിലേക്ക് ബാധകമാക്കിയിട്ടുള്ള CMDRF അക്കൗണ്ട് ഹെഡിൽ Credit ചെയ്യേണ്ടതാണ്.

3) മേൽ സൂചിപ്പിച്ചതു പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ സംഭാവനയായി നല്കുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഇളവ് (Section 80G പ്രകാരം) ലഭിക്കുന്നതായിരിക്കും.

4) ഓരോ ജീവനക്കാരുടേയും 2019 സെപ്റ്റംബർ മാസത്തെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ അടിസ്ഥാനമാക്കി ഒരു ദിവസത്തെ ശമ്പളം കണക്കാക്കേണ്ടതാണ്.

ദുരന്തബാധിതർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഈ സംരംഭം ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിലേയ്ക്കായി എല്ലാ ജീവനക്കാരുടെയും, തൊഴിലാളി സംഘടനകളുടേയും, ഓഫീസർ സംഘടനകളുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
18/9/19
സീനിയർ സൂപ്രണ്ട്